(ബി) വനസംരക്ഷണ സമിതികൾക്ക് വനംവകുപ്പ് രൂപം കൊടുത്തു വരുന്നു. വനസംരക്ഷണ സമിതികൾ നിലവിലുള്ളിടത്ത് വനസംരക്ഷണ സമിതികളെക്കൊണ്ട് വനവിഭവ ശേഖരണം നടത്തുന്നുണ്ട്.

(സി) ഓരോ പ്രദേശത്തുള്ള വനാശ്രിത സമൂഹങ്ങൾ ഉൾപ്പെടുന്നതാണ് വന സംരക്ഷണ സമിതികളുടെ ഘടന.

(ഡി) ഓരോ പ്രദേശത്തുമുള്ള വനാശ്രിത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടാലേ വനസംരക്ഷണ സമിതികളുടെ പ്രവർത്തനം സമഗ്രവും ശാസ്ത്രീയവും ആവുകയുള്ളൂ.

കുടിയേറ്റ കർഷകർക്ക് കൈവശഭൂമി പതിച്ചു നൽകൽ

87 [4828] ശ്രീ. ഇ. എം. അഗസ്തി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. വി. ഡി. സതീശൻ:
„ ഡി. സുഗതൻ:
„ എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതു കാലഘട്ടംവരെ വനം കയ്യേറിയ കുടിയേറ്റ കർഷകർക്കാണ് അവരുടെ കൈവശഭൂമി പതിച്ചുകൊടുക്കുന്നത്;

(ബി) അതിനുശേഷം വനത്തിൽ അനധികൃത കയ്യേറ്റം ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത തീയതിക്കുശേഷം എത്ര ഹെക്ടർ വനഭൂമിയിൽ കയ്യേറ്റം ഉണ്ടായിട്ടുണ്ട്;

(ഡി) ഇവരെ ഒഴിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരം നൽകുമോ?

ഉത്തരം

(എ) 1-1-1977-ന് മുൻപുവരെ കയ്യേറിയ കുടിയേറ്റ കർഷകർക്ക് കൈയേറ്റ ഭൂമി കേന്ദ്രാനുമതിയോടെ റഗുലറൈസ് ചെയ്യുന്നതിന് സർക്കാർ നയപരമായി തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്. 1-1-1977-ന് ശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുക്കുകയും ആയത് നടപ്പാക്കി വരികയും ചെയ്യുന്നു.

ഫോറസ്ട്രി പ്രോജക്ടിന്റെ നടത്തിപ്പിനായി നടത്തിയ വിദേശയാത്ര

88 [4829] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ നടത്തിപ്പിനായി വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വിദേശ പര്യടനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly